**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2366** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മണത്തല ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നിർമ്മാണം നടത്തിവരുന്ന മണത്തല ഗവ. ഹയർസെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി നിർമ്മാണം നടത്തിവരുന്ന മണത്തല ഗവ. ഹയർസെക്കണ്ടറി സ്ക്ളിന്റെ ബ്ലോക്ക് 2 ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് 1 ന്റെ സ്ട്രക്ചറൽ വർക്കും പൂർത്തിയാക്കിയിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുകാരൻ വർക്ക് പൂർത്തീകരിക്കാത്തതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ ടി കരാറുകാരനെ ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായിരുന്ന കൈറ്റിന്റെ ശുപാർശ പ്രകാരം കൈറ്റിനു പകരം കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി മാറ്റി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൂർത്തിയാക്കാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കിറ്റ്കോ ലഭ്യമാക്കി പുതുക്കിയ സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. |
| (ബി) | നിലവിലെ നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ആദ്യ പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് സർക്കാരിലേക്ക് നൽകിയ ശുപാർശയുടെ (Letter No. KITE-INFRA/2022/1149 dated 03.06.2022) അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ എടുത്ത തീരുമാനപ്രകാരമാണ് ടി ഏജൻസിയെ മാറ്റിയത്. |
| (സി) | പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ സാങ്കേതിക അനുമതി കിറ്റ്കോ ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ